**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5147** **04-07-2024 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള ജോലി സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ജോലി സാധ്യതകൾ മുൻകൂട്ടി അറിയുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത മുൻകൂട്ടി അറിയുന്നതിന് സെലക്ട് ലിസ്റ്റ് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആണ് സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.ഇത് വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഓൺലൈൻ മുഖേനയും പരിശോധിക്കാവുന്നതാണ്. ഉദ്യോഗദായകൻ ഒഴിവ് അറിയിക്കുന്ന മുറയ്ക്ക് മാത്രമാണ് മേൽപറഞ്ഞ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. |
| (ബി) | ഉദ്യോഗാർത്ഥികൾ കൃത്യമായി രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെങ്കിലും അവർക്ക് സീനിയോറിറ്റിയെക്കുറിച്ച് അറിയുന്നതിനായി സീനിയോറിറ്റി ലിസ്റ്റോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | **എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത രജിസ്റ്റർ ചെയ്തിട്ടുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റുകൾ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസിദ്ധീകരിക്കാറുണ്ട്. മൂന്ന് വർഷമാണ് ഈ സീനിയോറിറ്റി ലിസ്റ്റിന്റെ കാലാവധി. കാലാവധി അവസാനിക്കുന്ന മുറക്ക് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയാറാക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന വേക്കൻസികൾക്ക് ഈ ലിസ്റ്റിൽ നിന്നുമാണ് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്.ഉദ്യോഗാർത്ഥികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായോ www.eemployment.kerala.gov.in എന്ന website - ലൂടെയോ സീനിയോറിറ്റി ലിസ്റ്റ് പരിശോധിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ